0/5/11/8/25

## ജില്ലാ കോടതി, കോഴിക്കോട്.

Office : 0495- 2366091
Fax : 0495- 2761590
Email : courtkkd.ker@nic.in
courtkzhkode@gmail.com

## വിജ്ഞാപനം

**വിജ്ഞാപന തിയതി: 17.11.2025**
**നമ്പർ: A1- 14287/2025**

**അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: 24.11.2025 വൈകുന്നേരം 5 മണി.**

ജില്ലയിൽ കൊയിലാണ്ടിയിൽ പ്രവർത്തിക്കുന്ന കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ (പോക്സോ) കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായുള്ള പ്രത്യേക അതിവേഗകോടതിയിൽ ഉണ്ടാകാൻ പോകുന്ന ഒഴിവുകളിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതിനുവേണ്ടി അർഹരായവരുടെ പട്ടിക തയ്യാറാക്കുന്നുണ്ട്. ആയതിലേക്ക് സന്നദ്ധരും യോഗ്യതയുള്ളവരുമായ വ്യക്തികളിൽ നിന്നും നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

**വകുപ്പ്:-**
സിവിൽ ജുഡീഷ്യറി, കോഴിക്കോട് ജില്ല

**ഒഴിവുകളുടെ എണ്ണം:-**

| ക്രമ നമ്പർ | തസ്തിക | മാസശമ്പളം | പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | കമ്പ്യൂട്ടർ അസിസ്റ്റൻറ്/ടൈപ്പിസ്റ്റ് | 21175/- | 1 |

**യോഗ്യത:-**
1. അപേക്ഷകർ അവർ അപേക്ഷിക്കുന്ന തസ്തികയിൽ നിന്നോ ഉയർന്ന തസ്തികയിൽ നിന്നോ കോടതികളിൽ നിന്ന് വിരമിച്ചവരാകണം. കോടതികളിൽ നിന്ന് വിരമിച്ച അപേക്ഷകരുടെ അഭാവത്തിൽ മറ്റു വകുപ്പുകളിൽ നിന്ന് വിരമിച്ചവരെയും പരിഗണിക്കുന്നതാണ്.
2. അപേക്ഷകർക്ക് 62 വയസ്സ് പൂർത്തിയാകാൻ പാടില്ല.

**നിയമന രീതി:**

നിയമനം തുടർച്ചയായി 179 ദിവസത്തേക്കോ അല്ലെങ്കിൽ നിയമിക്കപ്പെടുന്ന വ്യക്തിക്ക് 62 വയസ്സ് പൂർത്തിയാകുന്നതു വരേയോ ഇവയിൽ ഏതാണോ ആദ്യം വരിക അത് വരെയായിരിക്കും. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയുടേയും, യോഗ്യതകളുടേയും, കൂടിക്കാഴ്ചയുടേയും അടിസ്ഥാനത്തിൽ മേൽ തസ്തികളിലേക്ക് തയ്യാറാക്കുന്ന പട്ടികയിൽ നിന്ന് കമ്പ്യൂട്ടർ അസിസ്റ്റൻറ്/ടൈപ്പിസ്റ്റ് മുൻഗണനാ ക്രമത്തിലായിരിക്കും നിയമനം തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ കേരളാ സർവ്വീസ് റൂൾ ഭാഗം 1, അനുബന്ധം 1 പ്രകാരവും 09.07.2019 തിയതിയിലെ സർക്കാർ ഉത്തരവു നമ്പർ (P) 81/2019/ fin പ്രകാരവുമുള്ള വ്യവസ്ഥകൾ കൂട്ടി യോജിപ്പിച്ചു കൊണ്ടുള്ള ഒരു സമ്മത പത്രത്തിൽ സർക്കാരുമായി കരാറിലേർപ്പെടേണ്ടതാണ്.

**നിയമനാധികാരി**

ജില്ലാ ജഡ്ജ്, കോഴിക്കോട്.

**അപേക്ഷിക്കേണ്ട വിധം**

യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ പൂർണ്ണമായ ബയോഡാറ്റ ഇതോടൊപ്പം തന്നിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി വയസ്സ്, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം " ജില്ലാ ജഡ്ജ്, ജില്ലാ കോടതി, കോടതി സമുച്ചയം, കോഴിക്കോട്- 673032" എന്ന വിലാസത്തിൽ **24.11.2025** ന് വൈകുന്നേരം 5.00 മണിക്ക് മുമ്പായി കിട്ടുന്ന വിധം നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. അപേക്ഷ കവറിന്റെ മുകളിൽ വിജ്ഞാപന നമ്പറും " താത്ക്കാലിക നിയമനത്തിനുള്ള അപേക്ഷ" എന്നും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഉത്തരവിൻ പ്രകാരം

DISTRICT AND SESSIONS COURT KOZHIKODE

19.11.25

ശിരസ്തദാർ

പകർപ്പ്

1.കോഴിക്കോട് ജില്ലയിലെ സിവിൽ , ക്രിമിനൽ കോടതികളിലെ പ്രിസൈഡിങ് ഓഫീസർമാർക്ക്

2.ഫയൽ

3.ഔദ്യോഗിക വെബ്സൈറ്റ്,ജില്ലാകോടതി, കോഴിക്കോട്

# അപേക്ഷാഫോറം

(ജില്ലയിൽ കൊയിലാണ്ടിയിൽ പ്രവർത്തിക്കുന്ന കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ (പോക്സോ) കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായുള്ള പ്രത്യേക അതിവേഗകോടതിയിൽ താഴെ പറയുന്ന ഒഴിവുകളിലേക്ക് 17.11.2025 തിയ്യതിയിലെ വിജ്ഞാപന നമ്പർ A1- 14287/25 പ്രകാരം താത്കാലികാടിസ്ഥാനത്തിൽ നിയമനം ലഭിക്കുന്നതിന്)

| | | |
|---|---|---|
| Affix recent passport size photo | | തസ്തിക<br>1. കമ്പ്യൂട്ടർ അസിസ്റ്റൻറ്/ടൈപ്പിസ്റ്റ് |
| അപേക്ഷന്റെ / അപേക്ഷകയുടെ പേര് (മലയാളത്തിൽ) ഇംഗ്ളീഷിൽ, വലിയക്ഷരത്തിൽ) മൊബൈൽ നമ്പർ | | |
| വയസ്സ്, ജനനതിയതി | | |
| വിരമിച്ച തിയ്യതി, പി.പി.ഒ നമ്പർ വിരമിച്ച തസ്തിക | | |
| വിദ്യാഭ്യാസ യോഗ്യത | | |
| ഇപ്പോഴത്തെ മേൽവിലാസം | | |
| പ്രവൃത്തി പരിചയം | | |
| മറ്റുയോഗ്യതകൾ | | |

മേൽപ്രസ്താവിച്ചിട്ടുള്ള വസ്തുതകൾ എല്ലാം തന്നെ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്നു സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

**തിയതി:** **(പേരും ഒപ്പും)**